ഞാൻ ഫാ. ജോസഫ് ആലപ്പാട്ട് സി. എം. ഐ.

ഞാൻ ചാലക്കുടി കാർമ്മൽ ഭവനിൽ ആയിരിക്കുമ്പോൾ എന്റെ വലത്തെ കണ്ണിൽ പെട്ടെന്ന ഒരു മൂടൽ ഉണ്ടാവുകയും കാഴ്ച്ച മങ്ങിയതായി അനുഭവപ്പെടുകയും ചെയ്യ്തു. ഞാൻ അപ്പോൾ ചാലക്കുടിയില്ലുള്ള Eye Vision Hospital ൽ ഡോ. രാധാ രമണനെ കൺസൽട്ട് ചെയ്യുകയും ചെയ്യ്തു. അദേഹം പറഞ്ഞു എന്റെ വലത്തെ കണ്ണിൽ ജെല്ല് ഇളകുകയും നെർവ് ശോഷിക്കുകയും ചെയ്യ്തിട്ടുണ്ട് എന്ന്. മൂന്ന് മാസത്തെ മരുന്നും നിഷ്കർഷിച്ചു. ചികിൽസ മുറപ്പോലെ നടന്നെങ്കിലും ഒരു കുറവും എന്നിക്ക് അനുഭവപ്പെട്ടില്ല. പിന്നിട് ഞാൻ എൽത്തുരുത്ത് സെന്റ്. മേരീസ് ആശ്രമത്തിലേക്ക് മാറുകയുണ്ടായി. അപ്പേൾ ഇവിടെ അടുത്തുള്ള റണി മേനോൻ ആശുപത്രിയിൽ ചികിൽസക്കായി പോയി. അവിടെ ചെന്ന് കണ്ണിൽ മരുന്നൊഴിച്ച് രണ്ട് ഡോക്ക്ടർമ്മാർ ചെക്ക് ചെയ്യ്തു. ആദ്യത്തെ ഡോക്ടർ വളരെ രൂക്ഷമായ ഒരു സാഹചര്യമാണ എന്റെ കണ്ണിന്റേതു എന്നാണ പറഞ്ഞത്. തുടർന്ന് ഡോ. റാണി മേനോൻ എന്നോട് വീട്ടിൽ ആർക്കെങ്കിലും ഗ്ലൂക്കോമയുണ്ടോ എന്ന ചോദിച്ചു. അതിനുശേഷം കണ്ണിന്റെ നെർവ്വ് വീക്കായതിനാൽ ഒരു മാസത്തേക്ക് എനിക്ക് മരുന്നുകൾ പ്രിസ്ക്രയ്ബ് ചെയ്തു. ഒപ്പം ഡോ. ഗോപാൽ പിള്ളയെ കൂടി കണുവാൻ നിർദേശിച്ചു. ഇത്രയും ആയപ്പോൾ എനിക്ക് വല്ലാത്ത മനോവിഷമം അനുഭവപ്പെടുകയും ദിവസവും ബഹു. ഡൺസ്റ്റനച്ചന്റെ മാദ്ധ്യസഥം അപേക്ഷിച്ച് പ്രാർത്ഥിക്കുവാനും തുടങ്ങി. 5 മാസത്തിനു ശേഷം ഡോ. ഗോപാലിനെ കാണാൻ പോയി, അദേഹത്തിന്റെ പരിശോദനയ്ക്കു ശേഷം അദേഹം പറഞ്ഞു ഇപ്പോൾ ഒരു കുഴപ്പവും കാണുന്നില്ല, ഒന്നും പേടിക്കാനുമില്ല എന്നു. ഇതു ബഹു. ഡൺസ്റ്റനച്ചന്റെ ഒരു വലിയ ഇടപ്പെടലാണ എന്നു ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കാരണം എന്റെ കണ്ണിനൊരു കുഴപ്പവുമില്ലെങ്കിൽ അതു ഞാൻ സാക്ഷ്യമായി എറ്റുപറായാമ്മെന്ന് പ്രതിജ്ഞ എടുത്തിരുന്നു.

[signature]

എന്ന്

ഫാ. ജോസഫ് ആലപ്പാട്ട് സി. എം. ഐ.